പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4675 — 26-06-2019-ലെ മറുപടിയ്ക്ക്

**വയനാട്ടിലെ കാർഷികമേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയത്തിൽ തകർന്ന വയനാട്ടിലെ കാർഷികമേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | വയനാട് പാക്കേജ് പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷം 1700.00 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വെള്ളപ്പൊക്ക ദുരിതങ്ങൾ പരിഹരിക്കുന്നതിനും പുനരുദ്ധാരണത്തിനും എന്ന ഘടകത്തിന് 620 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ പ്രത്യേകിച്ച് മുള്ളൻ കൊല്ലി, പുൽപ്പള്ളി, പൂതാടി പഞ്ചായത്തുകളിൽ നീർത്തടാടിസ്ഥാനത്തിൽ പ്രളയാനന്തര പുനർനിർമ്മാണത്തിന് വിവിധ പ്രവർത്തനങ്ങളും ഇതിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്നു. നദീതീരങ്ങളിൽ മണ്ണൊലിപ്പ് തടയാനായി ഈറപോലുള്ള ചെടികൾ വച്ചുപിടിപ്പിക്കുക, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുക, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ, ചരിവുള്ള പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുക, ഭൂഗർഭജലനിരപ്പ് കൂട്ടുന്നതിനായി കുഴികളെടുത്ത് തൊണ്ട് അടുക്കുക, കൃത്രിമ പുനഃചംക്രമണം, ജൈവവൈവിധ്യ സംരക്ഷണത്തിനായി കാവുകൾ വച്ചുപിടിപ്പിക്കുക, ചെക്ക് ഡാമുകളുടെ നിർമ്മാണം മുതലായ പ്രവർത്തികൾ ഇതിലുൾപ്പെടുന്നു.<br>വയനാട് പാക്കേജിന്റെ ഭാഗമായി പ്രളയത്തിൽ കൂടുതൽ നാശം സംഭവിച്ച വിളകളായ ജാതി, കുരുമുളക് എന്നിവയുടെ പുനരുജ്ജീവനത്തിനായി പ്രത്യേകം പദ്ധതി നടപ്പിലാക്കുന്നു. ജാതി കൃഷി വ്യാപനത്തിന് 50 ലക്ഷം രൂപയും കുരുമുളക് വികസനത്തിനായി 1000 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ വിസ്തൃതി വ്യാപന പദ്ധതികൾ. മണ്ണിന്റെ അമ്ലത്വം കുറയ്ക്കുന്നതിനും ഘടന നിലനിർത്തുന്നതിനുമുള്ള പദ്ധതികളും വയനാട്ടിൽ നടപ്പിലാക്കുന്നുണ്ട്.<br>പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുനർജനി പദ്ധതി പ്രകാരം പന്ത്രണ്ട് ലക്ഷം പച്ചക്കറി തൈകളും 2 ലക്ഷം വിത്ത് പാക്കറ്റുകളും 84.6 മെടിക് ടൺ നെൽവിത്തും കൃഷി ഭവൻ മുഖേന വിതരണം ചെയ്തു.<br>കൂടാതെ ഡച്ച് സർക്കാരിന്റെ സാങ്കേതിക സഹായത്തോടെ അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിൽ MIDH പദ്ധതിയിൽ ഉൾപ്പെടുത്തി പൂക്കൾക്കും പച്ചക്കറികൾക്കുമായി ഒരു "സെന്റർ ഓഫ് എക്സലൻസ് ( Centre of Excellence) ഇൻ ഹോർട്ടികൾച്ചർ" നടപ്പിലാക്കാൻ നടപടികൾ എടുത്തു വരുന്നുണ്ട് |
| (ബി) | വയനാടിനെ പുഷ്പഫലവർഗ്ഗങ്ങളുടെ കൃഷിക്കായുള്ള പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്. ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. ട്രെയിനിംഗ് ആൻഡ് അവയർനെസ്സ് പ്രോഗ്രാം.<br>2. കട്ട് ഫ്ലവറുകൾക്കായുള്ള ധനസഹായം<br>3. ലൂസ് ഫ്ലവറുകൾക്കായുള്ള ധനസഹായം<br>4. മാർക്കറ്റിംഗ് കളക്ഷൻ സെന്റർ<br>5. പ്രിയദർശിനി ടീ എസ്റ്റേറ്റിൽ പൂകൃഷിക്കായുള്ള ധനസഹായം<br>6. RARS അമ്പലവയലിന് പൂകൃഷിക്കായുള്ള ധനസഹായം |
| (സി) | ഇതിലൂടെ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ